(ബി) കാർഷിക വിഭവങ്ങളുടെ ഇറക്കുമതി സംബന്ധിച്ച് കേന്ദ്രം തീരുമാനമെടുക്കുമ്പോൾ സംസ്ഥാന സർക്കാരുമായി കൂടിയാലോചിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിന്റെ സമ്പദ്ഘടനയെ ദോഷകരമായി ബാധിക്കുന്ന ഈ തീരുമാനത്തിനെതിരെ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ)

(എ) വിലക്കുറവ് അനുഭവപ്പെടാനുള്ള സാധ്യതയുണ്ട്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മുഖ്യമന്ത്രിതലത്തിലും കൃഷി വകുപ്പുമന്ത്രിതലത്തിലും, നിവേദനങ്ങൾ നൽകിയിട്ടുണ്ട്. നേരിട്ടു തന്നെ കേന്ദ്ര കൃഷി മന്ത്രി, വാണിജ്യമന്ത്രി എന്നിവരെ ഇക്കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്. നമ്മുടെ നിരന്തരമായ സമ്മർദ്ദം കാരണം വാണിജ്യവകുപ്പു സെക്രട്ടറി ശ്രീ. പ്രഭു ഇവിടെ വന്ന് ഈ കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ചചെയ്തിരുന്നു.

7 (*302) സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എൻ.ആർ. ബാലൻ:

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) സാംക്രമിക രോഗ നിയന്ത്രണരംഗത്ത് കൈവരിച്ച നേട്ടങ്ങൾ നിലനിറുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഡിസീസ് സർവൈലൻസ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ;

(ഡി) ജലത്തിലെ രോഗാണുവിന്റെ സാന്നിദ്ധ്യം, ക്ളോറിന്റെ അളവ് എന്നിവ കണ്ടുപിടിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡിസീസ് സർവൈലൻസ് യൂണിറ്റുകൾ സ്ഥാപിക്കേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്):

(എ) സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ കൂടുതലും മലീനസമായ കുടിവെള്ളത്തിൽക്കൂടിയാണ് പകരുന്നത്. ഇതിനെതിരെ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. കുടിവെള്ളം ശുചീകരിക്കുന്നതിനായി ബ്ളീച്ചിംഗ് പൗഡർ ഉപയോഗിച്ചുള്ള ശുചീകരണം നടത്തുക, കിണറുകളിൽ ക്ളോറിനേഷൻ നടത്തുക.

2. പൊതുജല വിതരണശൃംഖലകളിൽ റസിഡൻഷ്യൽ ക്ളോറിനേഷൻ നടത്താൻ വാട്ടർ അതോറിറ്റിയോട് നിർദ്ദേശിക്കുക.

3. വീടുകളിൽ ചെറിയ തോതിൽ കുടിവെള്ളം ശുദ്ധീകരിക്കാൻ ക്ളോറിൻ ഗുളികകൾ വിതരണം ചെയ്യുക.

4. ആവശ്യമായ മരുന്നുകളും ഐ.ഇ. ഫ്ളൂയിഡുകളും എല്ലാ ആശുപത്രികളിലും ലഭ്യമാക്കുക.

5. പാനീയചികിൽസയ്ക്ക് ആവശ്യാനുസരണം ഒ.ആർ.എസ്. എല്ലാ ഒ.ആർ.എസ് കോർണറുകളിലും ലഭ്യമാക്കുക.

6. ബോധവൽക്കരണ പരിപാടികൾ വിവിധയിനങ്ങളിൽ പല മാധ്യമങ്ങൾ വഴി നടപ്പിലാക്കുക.

ഇതുകൂടാതെ എപ്പിഡമിയം കൺട്രോൾ സെൽ എല്ലാ ജില്ലകളിലും ഇപ്പോൾ നിലവിലുണ്ട്. ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (പി.എച്ച്) പ്രോഗ്രാമുകൾ കോഓർഡിനേറ്റ് ചെയ്യുന്നു. കൂടാതെ, ആഹാരം വഴിയും ജലം വഴിയും പകരുന്ന കോളറ, വയറിളക്കം എന്നീ രോഗങ്ങൾ തടയുന്നതിനു വേണ്ടി റിസർച്ച് ഓഫീസർ ഒ.ആർ.ടി എന്ന തസ്തികയും നിലവിലുണ്ട്. മറ്റു പകർച്ചവ്യാധികൾ പടർന്നുപിടിക്കുമ്പോൾ നോഡൽ ഓഫീസറായിട്ടോ സ്പെഷ്യൽ ഓഫീസർ ആയിട്ടോ ഓഫീസർമാരെ പോസ്റ്റു ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ മെഡിക്കൽ കോളേജിലും പകർച്ചവ്യാധികൾ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി എപ്പിഡമിക് സെൽ എന്ന പേരിൽ ഒരു വിഭാഗം പ്രത്യേകം പ്രവർത്തിക്കുന്നുണ്ട്.

(ബി) സാംക്രമികരോഗ നിയന്ത്രണരംഗത്ത് കൈവരിച്ച നേട്ടങ്ങൾ നിലനിറുത്താൻ സർക്കാർ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ പുതിയ പ്രോഗ്രാമായ നാഷണൽ പ്രോഗ്രാം ഫോർ സർവീലൻസ് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ് കേരളത്തിൽ കോട്ടയം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ തുടങ്ങിക്കഴിഞ്ഞു.

(സി) സംസ്ഥാനത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസിന്റെ കീഴിൽ "നാഷണൽ പ്രോഗ്രാം ഫോർ സർവിലൻസ്" കേരളത്തിൽ കോട്ടയം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ തുടങ്ങിയിട്ടുണ്ട്.

(ഡി) ജലത്തിലെ രോഗാണുവിന്റെ സാന്നിദ്ധ്യം, ക്ളോറിന്റെ അളവ് എന്നിവ കണ്ടുപിടിക്കുന്നതിനായി വാട്ടർ ടെസ്റ്റിംഗ് ഫീൽഡ്കിറ്റുകൾ ഉപയോഗിക്കുന്നതിന് ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലകളിൽ ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈജീൻ ആന്റ് പബ്ലിക് ഹെൽത്തിന്റെ ധനസഹായത്തോടെ ജീവനക്കാർക്ക് ട്രെയിനിംഗ് നൽകി, കൂടാതെ ഫീൽഡ് കിറ്റുകൾ വാങ്ങുകയും ഉണ്ടായി.

(ഇ) ഉണ്ട്. ഇത് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പ്രോഗ്രാം ആണ്. 97-98-ൽ കോട്ടയത്തും, ആലപ്പുഴയിലും, കോഴിക്കോട്ടും, 98-99-ൽ എറണാകു

LIBRARY ARCHIVES Kerala Legislative Assembly

ളവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 99-2000-ാ മാണ്ടിൽ തൃശ്ശൂർ ജില്ലയുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

8 (*303) കുട്ടികളിൽ കണ്ടുവരുന്ന ഹൃദ്രോഗങ്ങൾ

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാരാഘവൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളിൽ എന്തെല്ലാം ഹൃദ്രോഗങ്ങളാണ് കണ്ടുവരുന്നത്;

(ബി) കുട്ടികളുടെ ഹൃദയരോഗങ്ങളെപ്പറ്റി അവബോധം ഉണ്ടാക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) കുട്ടികളുടെ ഹൃദയ രോഗചികിൽസയ്ക്ക് സംസ്ഥാനത്ത് എവിടെയെല്ലാം സൗകര്യമുണ്ട്;

(ഡി) ഇതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളെത്തിട്ടുണ്ട്?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) കുട്ടികളിൽ രണ്ടുതരത്തിലുള്ള ഹൃദ്രോഗങ്ങളാണ് കണ്ടുവരുന്നത്.

1. ജന്മനായുള്ള ഹൃദയവൈകല്യങ്ങൾ.

2. പിന്നീടുണ്ടാകുന്ന ഹൃദയവൈകല്യങ്ങൾ.

ഉദാ:- വാതപ്പനിമൂലമുണ്ടാകുന്ന വാൽവ്രോഗം ഹൃദയപേശികൾക്കുണ്ടാകുന്ന അസുഖങ്ങൾ.

(ബി) ഗർഭിണിയായിരിക്കുമ്പോൾ ആദ്യത്തെ മൂന്നു മാസങ്ങളിൽ അമ്മയ്ക്കുണ്ടാകുന്ന രോഗബാധകൾ, ഡോക്ടർമാരുടെ മേൽനോട്ടത്തിലല്ലാതെയും അനാവശ്യമായും കഴിക്കുന്ന മരുന്നുകൾ ഇവ ഹൃദയവൈകല്യങ്ങൾക്കു കാരണമായേക്കാം എന്നുള്ളതുകൊണ്ട് ഇതേക്കുറിച്ച് അവബോധം വളർത്തുവാനും അമ്മമാരെ ബോധവൽക്കരിക്കാനും ഉള്ള സംവിധാനം നിലവിലുണ്ട്. ആരോഗ്യ വിദ്യാഭ്യാസപരിപാടിയുടെ ഭാഗമായി ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, റേഡിയോ പ്രഭാഷണങ്ങൾ ഇവയിലൂടെയും അമ്മമാർക്കായി നടത്തുന്ന പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകളിലൂടെയും ഈ രണ്ട് പ്രധാന പ്രശ്നങ്ങളെക്കുറിച്ചു ഉള്ള അവബോധം വളർത്തുന്നുണ്ട്. ശിശുരോഗവിദഗ്ദ്ധർക്കായി 98 മുതൽ തുടർവിദ്യാഭ്യാസപരിപാടിയും നടത്തുന്നുണ്ട്.

(സി) ഗവൺമെന്റിന്റെ കീഴിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലും, തിരുവന്തപുരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലും സൗകര്യങ്ങളുണ്ട്. കൂടാതെ വളരെ സങ്കീർണ്ണമായതോ ഓപ്പറേഷൻ ആവശ്യമുള്ളതോ അല്ലാത്ത മറ്റു കേസ്സുകൾ ഒരു ശിശുരോഗവിദഗ്ദ്ധന് കൈകാര്യം ചെയ്യുവാൻ കഴിയുമെന്നു

LIBRARY ARCHIVES Kerala Legislative Assembly